**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1057

10.08.2017-ൽ മറുപടിയ്ക്ക്

# കാസർഗോഡ്-തിരുവനന്തപുരം മലയോര ഹൈവേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. കെ.എസ്.ശബരീനാഥൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് മുതൽ തിരുവനന്തപുരം കടുക്കറ വരെ നീളുന്ന മലയോര & ഹൈവേയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;<br><br>(ബി) ഈ പദ്ധതിക്കുവേണ്ടി കിഫ്ബിയിൽ നിന്നും എത്ര തുക അനുവദിച്ചു; | (എ)<br>(ബി) കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ 3500 കോടി രൂപ ഉൾപ്പെടുത്തി കിഫ്ബിയുടെ ഫണ്ട് ലഭ്യമാക്കി നടത്തുന്നതിനായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതിയ്ക്കായി 10.07.2017-ലെ സ.ഉ. (സാധാ) നം. 942/2017/പൊ.മ.വ പ്രകാരം 3500 കോടി രൂപയ്ക്ക് ഭരണാനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (സി) പാത നിർമ്മാണത്തിന് സൗജന്യമായി സ്ഥലം വിട്ടുതരുവാൻ ജനങ്ങൾ തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) പാത നിർമ്മാണത്തിന് സൗജന്യമായി സ്ഥലം വിട്ടുതരുന്നതിനായി പ്രാദേശീക തലത്തിൽ ജനങ്ങളും, ജനപ്രതിനിധികളുമായും ചർച്ച നടത്തി വരുന്നു. |
| (ഡി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്? | (ഡി) സമയ ബന്ധിതമായി ഭരണാനുമതിയും, സാങ്കേതികാനുമതിയും, ലഭ്യമാക്കി 31.03.2018-നു മുൻപ് ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ